"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 – കേരള സഹകരണ റിസ്ക്ക്ഫണ്ട് പദ്ധതിയ്ക്ക് ധനസഹായം അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.115/2025/Co-Op തീയതി,തിരുവനന്തപുരം, 01-03-2025**

---

പരാമർശം:-

1. 23/05/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 07/06/2024 ലെ പി & എം എ(5)5253/2024നം. കത്ത്.
3. സ.ഉ (സാധാ) നം. 302/2024/സഹ തീയതി 19/06/2024
4. സ.ഉ (സാധാ) നം.57/2024/ധന തീയതി 17/07/2024
5. സ.ഉ (സാധാ) നം.76/2024/ധന തീയതി 31/08/2024
6. 15/11/2024 ലെ ചീഫ് സെക്രട്ടറിതല യോഗ മിനിറ്റ്സ്.
7. 16/12/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
8. സർക്കുലർ നം.35/2024/ധന തീയതി 12/06/2024
9. സ.ഉ (സാധാ) നം. 68/2025/സഹ തീയതി 03/02/2025.

**<u>ഉത്തരവ്</u>**

കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതിയ്ക്കായി 700 ലക്ഷം രൂപ (എഴുന്നൂറ് ലക്ഷം രൂപ മാത്രം) ധനസഹായം [സബ്സിഡി (2425-107-80-34-3) എന്ന ശീർഷകത്തിൽ നിന്നും അനുവദിയ്ക്കുന്നതിന് 23/05/2024 ലെ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ നൽകിയിരുന്നു. കേരളസഹകരണ റിസ്ക് ഫണ്ട് പദ്ധതിയ്ക്കായി 2024-2025 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 700.00 ലക്ഷം രൂപയിൽ ഇ ലാംസിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തുക കഴിച്ച് ബാക്കി നിൽപ്പുള്ള 200.00 ലക്ഷം രൂപ 2024-2025 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (4, 5) പ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ 2024-25 സാമ്പത്തികവർഷത്തെ സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് പരാമർശം (6) പ്രകാരം കൂടിയ കമ്മിറ്റി അംഗീകരിച്ചിരുന്നു. തുടർന്ന് സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിന് പരാമർശം (9) പ്രകാരം

സമഗ്ര ഭരണാനുമതി നൽകിയിരുന്നു. പ്ലാൻ പ്രിയോറിറ്റി ലിസ്റ്റിൽ മേൽ ധനസഹായം അനുവദിക്കുന്ന പ്രപ്പോസലും ഉൾപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സഹകരണ റിസ്ക്ക് ഫണ്ട് പദ്ധതിയ്ക്കായി 116 ലക്ഷം രൂപ (നൂറ്റിപ്പതിനാറ് ലക്ഷം രൂപ മാത്രം) ധനസഹായം (സബ്സിഡി) - 2425-107-80-34-3 എന്ന ശീർഷകത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത തുക, പരാമർശം (8) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2024-25 സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/149/2023/ധന)
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 01-03-2025 17:54:31

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്
3.സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ